LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം

30 (33) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത വരുമാനത്തിൽ താഴെയുള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

&

(ബി) നിർദ്ധന കുടുംബങ്ങളിൽ ഒരാൾ മാറാരോഗിയായാൽ പലപ്പോഴും കിടപ്പാടം വിൽക്കേണ്ട സാഹചര്യംവരെ ഉണ്ടാകുമെന്നതിനാൽ പാവപ്പെട്ടവരുടെ രോഗചികിത്സയ്ക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി മുഖേന മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

വാക്സിൻ ചലഞ്ച്

31 (34) ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിനേഷൻ സൗജന്യമായി നൽകുമെന്ന പ്രഖ്യാപനം തെരഞ്ഞെടുപ്പിന് മുൻപുതന്നെ നടത്തിയിരുന്നോ?

നടത്തിയിരുന്നു.

(ബി) 45 വയസ്സിന് താഴെയുള്ളവർക്ക് കേന്ദ്രം സൗജന്യ വാക്സിൻ നൽകാത്ത സാഹചര്യത്തിൽ അത് സംസ്ഥാനം സൗജന്യമായി നൽകുന്നതിന് എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്?

സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവർക്ക് കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനായി മൂന്ന് കോടി ഡോസ് കോവിഡ് വാക്സിൻ വേണ്ടിവരുമെന്നും ആയതിന് നിലവിൽ വിപണിയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്ക് അനുസരിച്ച് ചുരുങ്ങിയത് 945 കോടി രൂപ [3 കോടി x 315] വേണ്ടിവരുമെന്നും കണക്കാക്കിയിരുന്നു.